പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 1739

13.7.2011 ൽ
മറുപടിയ്ക്ക്

## കഴക്കൂട്ടം-കോവളം ഐ.റ്റി. കോറിഡോർ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി ജമീലാ പ്രകാശം ; | ശ്രീ. പി.കെ. കുഞ്ഞാലികുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗര കാര്യവും മന്ത്രി) |
| എ) കഴക്കൂട്ടം -കോവളം ഐ.റ്റി കോറിഡോർ സ്ഥാപിക്കുവാൻ സംസ്ഥാന സർക്കാരിന് പദ്ധതി ഉണ്ടായിരുന്നോ ; എങ്കിൽ ആയത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ ? | എ) കഴക്കൂട്ടം മുതൽ കോവളം വരെയുള്ള ഭാഗത്തുള്ള IT/ITES സംരംഭങ്ങളും അതോടനുബന്ധിച്ചുള്ള വ്യവസായ, ടൂറിസം സംരംഭങ്ങളും ഉൾപ്പെട്ടതാണ് കഴക്കൂട്ടം കോവളം IT കോറിഡോർ പദ്ധതി. ഇതിൽ ടെക്നോപാർക്ക് ഒന്നാംഘട്ടത്തിലെ 230 കമ്പനികൾ, ടെക്നോപാർക്കിന്റെ രണ്ടാംഘട്ട വികസനത്തിൽ ഉൾപ്പെടുന്ന Infosys ന്റെ ക്യാമ്പസ്, നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്ന UST Global Campus, ടെക്നോപാർക്കിന്റെ മൂന്നാംഘട്ട വികസനം, ടെക്നോപാർക്കിന്റെ മറ്റൊരു പദ്ധതിയായ ടെക്നോസിറ്റിയും അതിൽ TCS ന്റെ 82 ഏക്കറിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന Training Centre എന്നിവയും ഈ പദ്ധതികളുമായി ബന്ധപ്പെട്ട മറ്റ് അനുബന്ധ വ്യവസായങ്ങളും ഉൾപ്പെടുന്നു. |

സെക്ഷൻ ഓഫീസർ